ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.08.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാജ്യത്തെ കായിക ആവാസവ്യവസ്ഥയുടെ സമഗ്ര വികസനത്തിനായി അവതരിപ്പിച്ച ഖേലോ ഇന്ത്യ നയം മികച്ച ഫലം നൽകിയതായി സ്വാതന്ത്ര്യദിന പ്രസംഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Khelo India policy has yielded excellent results for the comprehensive development of the country's sports ecosystem, says Prime Minister Narendra Modi in Independence Day address.**

2. രാജ്യത്തെ 1,150 ടോൾ പ്ലാസകളിൽ ഇന്നലെ മുതൽ 'ഫാസ്റ്റ് ടാഗ് വാർഷിക പാസ്' സൗകര്യം നടപ്പിലാക്കിയതായി ദേശീയപാത അതോറിറ്റി.

   **'FASTag Annual Pass' facility implemented at 1,150 toll plazas across the country from yesterday, announces National Highways Authority.**

3. ജമ്മു കശ്മീരിലെ കിഷ്ത്വാറിലുണ്ടായ മേഘ വിസ്ഫോടനത്തിൽ മരണ സംഖ്യ 60 ആയി. രക്ഷാ പ്രവർത്തനം പുരോഗമിക്കുന്നു.

   **Death toll rises to 60 in the cloudburst in Kishtwar, Jammu and Kashmir. Rescue operations ongoing.**

4. റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിനുമായുള്ള കൂടിക്കാഴ്ച ഫലപ്രദമെന്ന് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്.

   **Meeting with Russian President Vladimir Putin was productive, says U.S. President Donald Trump.**

5. കേരളത്തിൽ ഇന്നും ശക്തമായ മഴയ്ക്ക് സാധ്യത. അഞ്ച് ജില്ലകളിൽ മഞ്ഞ ജാഗ്രത. കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

   **Heavy rain likely to continue in Kerala today. Yellow alert in five districts. Fishing banned along Kerala, Karnataka, and Lakshadweep coasts.**

6. ഏഷ്യൻ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിന് ഇന്ന് കസാക്കിസ്ഥാനിൽ തുടക്കം. ഇന്ത്യൻ ടീമിനെ മനു ഭാക്കർ നയിക്കും.

**Asian Shooting Championship begins today in Kazakhstan. Manu Bhaker to lead India's charge.**

&&&&&&&&&&&&&&&&&&

## INDEPENDENCE DAY

79-ാമത് സ്വാതന്ത്ര്യദിനം രാജ്യം ഇന്നലെ സമുചിതമായി ആഘോഷിച്ചു. രാഷ്ട്രപതി ദ്രൗപദി മുർമു, ദേശീയ യുദ്ധ സ്മാരകത്തിലെത്തി ആദരമർപ്പിച്ചു. ഡൽഹിയിലെ ചുവപ്പുകോട്ടയിൽ നിന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ദേശീയ പതാക ഉയർത്തി. ഓപ്പറേഷൻ സിന്ദൂർ രാജ്യത്തിന്റെ സായുധ സേനയുടെ ധീരതയ്ക്കും കൃത്യതയ്ക്കുമുള്ള ശക്തമായ തെളിവാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. മികവുറ്റ ആയുധ സംവിധാനങ്ങൾ സജ്ജമാക്കുന്നതിനായി 'സുദർശൻ ചക്ര' എന്ന പേരിൽ ദൗത്യം നടപ്പിലാക്കുമെന്നും ശ്രീ മോദി പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

## HEAD LINE – 1

## PM-KHELO POLICY, DEMOGRAPHY MISSION (INTRO)

രാജ്യത്തെ കായിക ആവാസവ്യവസ്ഥയുടെ സമഗ്ര വികസനത്തിനായി അവതരിപ്പിച്ച ഖേലോ ഇന്ത്യ നയം മികച്ച ഫലം നൽകിയതായും പ്രധാനമന്ത്രി പറഞ്ഞു. ഖേലോ ഇന്ത്യ നയത്തിന് കീഴിൽ, ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ്, ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസ്, ഖേലോ ഇന്ത്യ വിൻറർ ഗെയിംസ്, ഖേലോ ഇന്ത്യ പാരാ ഗെയിംസ് എന്നിവയുൾപ്പെടെ വിവിധ തലങ്ങളിലായി നിരവധി മത്സരങ്ങൾ നടക്കുന്നുണ്ടെന്നും അദ്ദേഹം സൂചിപ്പിച്ചു.

(ഹോൾഡ് വോയ്സ്......)

രാജ്യത്തിന്റെ ജനസംഖ്യാ സന്തുലിതാവസ്ഥക്ക് ഭീഷണിയാകുന്ന അനധികൃത കുടിയേറ്റത്തിനെതിരെ ശക്തമായ നടപടിയുണ്ടാകുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## PM- VIKASIT ROZGAR YOJANA

രാജ്യത്തെ യുവജനങ്ങൾക്കായി ഏകദേശം ഒരു ലക്ഷം കോടി രൂപ വകയിരുത്തുന്ന പി എം വികസിത് ഭാരത് റോസ്ഗർ യോജന നടപ്പിലാക്കുമെന്നും പ്രധാനമന്ത്രി പ്രഖ്യാപിച്ചു. പദ്ധതിക്ക് കീഴിൽ, സ്വകാര്യ സ്ഥാപനങ്ങളിൽ ആദ്യമായി ജോലിക്ക് പ്രവേശിക്കുന്ന യുവജനങ്ങൾക്ക് ഒരു മാസത്തെ ഇപിഎഫ് വേതന ഇൻസെൻറീവായി പതിനയ്യായിരം രൂപ വീതം സർക്കാർ നൽകും. പദ്ധതി പ്രകാരം മൂന്ന് കോടി 50 ലക്ഷം ചെറുപ്പക്കാർക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും ശ്രീ മോദി പറഞ്ഞു.

&&&&&&&&&&&&&&&&&&

## PM- GST REFORMS

പുതുതലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ ഈ ദീപാവലിക്ക് അവതരിപ്പിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ചു. ചരക്ക് സേവന നികുതി നടപ്പിലാക്കി എട്ട് വർഷങ്ങൾക്ക് ശേഷം, ഈ സംവിധാനം പുനഃപരിശോധിക്കേണ്ട സമയമാണിതെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## PM SEMICONDUCTOR + SPACE

ബഹിരാകാശ രംഗത്തെ മുന്നൂറോളം സ്റ്റാർട്ടപ്പുകൾ, ആയിരക്കണക്കിന് യുവജനങ്ങൾക്ക് തൊഴിൽ നൽകിയതായും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ഈ വർഷം അവസാനത്തോടെ, ഇന്ത്യയിൽ നിർമ്മിച്ച ഇലക്ട്രോണിക് ചിപ്പുകൾ വിപണിയിൽ ലഭ്യമാകും. 2047- ഓടെ ആണവോർജ ഉത്പാദനം പത്തിരട്ടിയിലധികം വർധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ശുദ്ധ ഊർജം സംബന്ധിച്ചുള്ള രാജ്യത്തിൻറെ ആഗോള പ്രതിബദ്ധതകൾ, ലക്ഷ്യമിട്ടതിലും നേരത്തെ തന്നെ കൈവരിച്ചു. 2047 ഓടെ ആണവോർജ ഉത്പാദനം പത്തിരട്ടിയിലധികം വർധിപ്പിക്കുക എന്നതാണ് ലക്ഷ്യമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## CM - KERALA

കേരളത്തിലും വിപുലമായ സ്വാതന്ത്ര്യ ദിന ആഘോഷ പരിപാടികൾ നടന്നു. രാജ് ഭവനിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ത്രിവർണ പതാക ഉയർത്തി. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തി, സേന വിഭാഗങ്ങളുടെ അഭിവാദ്യം സ്വീകരിച്ചു. വൈജ്ഞാനിക സമൂഹമായി കേരളത്തെ മാറ്റാനുള്ള ദൗത്യം, വരും തലമുറകളുടെ ഭാവി ഭദ്രമാക്കുന്നതിനാണ് ആവിഷ്ക്കരിച്ചിക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## PREZ- AT HOME RECEPTION

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ഇന്നലെ വൈകുന്നേരം രാഷ്ട്രപതി ദ്രൗപതി മുർമു രാഷ്ട്രപതി ഭവനിൽ അറ്റ്-ഹോം സ്വീകരണം നൽകി. പ്രധാനമന്ത്രി നരേന്ദ്ര മോദി, മുൻ രാഷ്ട്രപതി രാം നാഥ് കോവിന്ദ്, ചീഫ് ജസ്റ്റിസ് ബി ആർ ഗവായ്, ലോക്സഭാ സ്പീക്കർ ഓം ബിർള, കേന്ദ്രമന്ത്രിമാർ, എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## HEAD LINE – 3

## KISHTHWAR - FLOOD

ജമ്മു കശ്മീരിലെ കിഷ്ത്വാറിൽ മേഘ വിസ്ഫോടനത്തിൽ രക്ഷാ പ്രവർത്തനം പുരോഗമിക്കുന്നു. രണ്ട് സിഐഎസ്എഫ് ഉദ്യോഗസ്ഥരുൾപ്പെടെ 60 പേർക്കാണ് ജീവൻ നഷ്ടമായത്. 120 ലധികം പേരെ രക്ഷപ്പെടുത്തി. പ്രധാനമന്ത്രി നരേന്ദ്ര മോദി ജമ്മു കശ്മീർ ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹയുമായും മുഖ്യമന്ത്രി ഒമർ അബ്ദുള്ളയുമായും സ്ഥിതിഗതികളെക്കുറിച്ച് ചർച്ച ചെയ്തു.

&&&&&&&&&&&&&&&&&&

**HEAD LINE – 2**

**NHAI - FASTAG ANNUAL PASS**

രാജ്യത്തുടനീളമുള്ള ദേശീയപാതകളിലും എക്സ്പ്രസ്സ് വേകളിലുമായി ഏകദേശം 1,150 ടോൾ പ്ലാസകളിൽ ഇന്നലെ മുതൽ 'ഫാസ്റ്റ് ടാഗ് വാർഷിക പാസ്' സൗകര്യം നടപ്പിലാക്കിയതായി ദേശീയപാത അതോറിറ്റി. ഇതോടെ ഫാസ്റ്റ് ടാഗ് ഇടയ്ക്കിടെ റീചാർജ് ചെയ്യേണ്ടതിൻറെ ആവശ്യകത ഇല്ലാതായി. ഇന്നലെ വൈകുന്നേരം 7 മണി വരെ മാത്രം 1.4 ലക്ഷത്തോളം ഉപയോക്താക്കൾ പാസ് വാങ്ങിയതായും എൻഎച്ച്എഐ അറിയിച്ചു.

&&&&&&&&&&&&&&&&&&

**SHIVARAJ CHOUHAN (INTRO)**

കർഷകരുടെ താൽപ്പര്യത്തിന് വിരുദ്ധമായ ഒരു കരാറിലും ഇന്ത്യ മറ്റ് രാജ്യങ്ങളുമായി ഒപ്പുവെക്കില്ലെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. കർഷകരുടെയും രാജ്യത്തിന്റെയും ക്ഷേമമാണ് ഏറ്റവും പ്രധാനമെന്നും രാജ്യത്തെ കർഷകരുമായി ന്യൂഡൽഹിയിൽ നടത്തിയ സംവാദത്തിൽ കേന്ദ്രമന്ത്രി പറഞ്ഞു.
(ഹോൾഡ് വോയ്സ്........)

&&&&&&&&&&&&&&&&&&

**NAGALAND GOVERNOR**

നാഗാലാൻഡ് ഗവർണർ ലാ ഗണേശൻ അന്തരിച്ചു. ഇന്നലെ വൈകുന്നേരം ചെന്നൈയിലായിരുന്നു അന്ത്യം. 80 വയസ്സായിരുന്നു. മണിപ്പൂർ ഗവർണറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. സംസ്കാരം ഇന്ന് വൈകുന്നേരം ചെന്നൈയിൽ നടക്കും. ലാ ഗണേശൻറെ വിയോഗത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമ്മു. പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി. ഗവർണർ ലാ ഗണേശൻറെ വിയോഗത്തെ തുടർന്ന് നാഗാലാൻറിൽ ഈ മാസം 22 വരെ ഔദ്യോഗിക ദുഃഖാചരണമാണ്.

&&&&&&&&&&&&&&&&&&

## HEAD LINE – 4

## EARLY- TRUMP-PUTIN MEETING

റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിനുമായുള്ള കൂടിക്കാഴ്ച ഫലപ്രദമെന്ന് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. നാറ്റോ സഖ്യകക്ഷികളുമായും യുക്രെൻ പ്രസിഡൻറ് വോളോഡിമിർ സെലെൻസ്കിയുമായും ചർച്ച നടത്തുമെന്നും ട്രംപ് കൂട്ടിച്ചേർത്തു. അലാസ്കയിലെ ആങ്കറേജിലുള്ള എൽമെൻഡോർഫ് -റിച്ചാർഡ്സൺ സൈനിക താവളത്തിലായിരുന്നു ചർച്ച. റഷ്യ - യുക്രെൻ സംഘർഷത്തിന് ശാശ്വതവും ദീർഘകാലവുമായ ഒരു പരിഹാരം ഉണ്ടാക്കുന്നതിന്, സംഘർഷത്തിൻറെ മൂല കാരണങ്ങൾ ഇല്ലാതാക്കേണ്ടതുണ്ടെന്ന് കൂടിക്കാഴ്ചയ്ക്ക് ശേഷം നടന്ന സംയുക്ത വാർത്ത സമ്മേളനത്തിൽ റഷ്യൻ പ്രസിഡൻറ് പറഞ്ഞു.

&&&&&&&&&&&&&&&&&&

## ZELENSKYY- INDEPENDENCE DAY

റഷ്യയുമായുള്ള യുദ്ധം അവസാനിപ്പിക്കുന്നത് ലക്ഷ്യമിട്ടുള്ള ശ്രമങ്ങൾക്ക് ന്യൂഡൽഹി സംഭാവന നൽകുമെന്ന് പ്രതീക്ഷിക്കുന്നതായി യുക്രെൻ പ്രസിഡൻറ് വോളോഡിമിർ സെലെൻസ്കി. എല്ലാ ഇന്ത്യക്കാർക്കും സെലൻസ്കി സ്വാതന്ത്ര്യ ദിന ആശംസകൾ നേർന്നു.

&&&&&&&&&&&&&&&&&&

## SABARIMALA

ചിങ്ങമാസ പൂജകൾക്കായി ശബരിമല നട ഇന്ന് വൈകിട്ട് അഞ്ചിന് തുറക്കും. മേൽശാന്തി അരുൺകുമാർ നമ്പൂതിരി നട തുറന്ന് ദീപം തെളിയിക്കും. ശബരിമല കീഴ്ശാന്തി നറുക്കെടുപ്പ്, പമ്പ ഗണപതിക്ഷേത്രം മേൽശാന്തി നെറുക്കെടുപ്പ് എന്നിവ നാളെ നടക്കും.

&&&&&&&&&&&&&&&&&&

## HEAD LINE – 5

## RAIN - KERALA

കേരളത്തിൽ ഇന്നും ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള തീരത്ത് നാളെ വരെയും ലക്ഷദ്വീപ് തീരത്ത് മറ്റന്നാൾ വരെയും കർണാടക തീരത്ത് ഈ മാസം 19 വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. ശക്തമായ മഴയുടെ പശ്ചാത്തലത്തിൽ തൃശ്ശൂർ ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## HEAD LINE – 6

## ASIAN SHOOTING CHAMPIONSHIP

കസാക്കിസ്ഥാനിൽ ഇന്ന് ആരംഭിക്കുന്ന ഏഷ്യൻ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന ഇന്ത്യൻ ടീമിനെ രണ്ടുതവണ ഒളിമ്പിക് മെഡൽ ജേതാവായ മനു ഭാക്കർ നയിക്കും. ഇന്ത്യക്കായി 164 ഷൂട്ടർമാരാണ് മത്സരിക്കുന്നത്. ഒളിമ്പ്യൻമാരായ റൈസ ദില്ലൺ, അഞ്ജും മൗദ്ഗിൽ, ഐശ്വര്യ പ്രതാപ് സിംഗ് തോമർ, തുടങ്ങിയവർ സംഘത്തിലുണ്ട്. ഈ മാസം 30 വരെയാണ് ചാമ്പ്യൻഷിപ്.

&&&&&&&&&&&&&&&&&&

## CHENNAI GRAND MASTERS

ഇന്നലെ ചെന്നൈയിൽ നടന്ന ക്വാണ്ട്ബോക്സ് ചെന്നൈ ഗ്രാൻഡ് മാസ്റ്റേഴ്സ് ചെസ്സ് മത്സരത്തിൽ ഇന്ത്യൻ ഗ്രാൻഡ് മാസ്റ്റർ എം പ്രാണേഷ് ചലഞ്ചേഴ്സ് വിഭാഗം കിരീടം നേടി. ഇതേ മത്സരത്തിൽ മാസ്റ്റേഴ്സ് വിഭാഗത്തിൽ ജർമ്മനി താരം വിൻസെന്റ് കെയ്മർ കിരീടം നേടിയിരുന്നു. വ്യാഴാഴ്ച നടന്ന മത്സരത്തിൽ കെയ്മർ ഏഴു പോയിന്റോടെ ഒന്നാം സ്ഥാനം ഉറപ്പിച്ചിരുന്നതിനാൽ ചലഞ്ചേഴ്സ് വിഭാഗത്തിലെ മത്സരം ആരാധകർ ഉറ്റുനോക്കിയിരുന്നു.

&&&&&&&&&&&&&&&&&&

## RAMAYANA MASAM

ഭക്തി സാന്ദ്രമായി ഒരുമാസം നീണ്ടു നിന്ന രാമായണ മാസാചരണത്തിന് ഇന്ന് സമാപനം. ഓണത്തിൻറെ വരവറിയിച്ച് നാളെയാണ് ചിങ്ങം ഒന്ന്. ഈമാസം 27 നാണ് അത്തം. ക്ഷേത്രങ്ങളിൽ ഇന്നും നാളെയും പ്രത്യേക പൂജകൾ ഉണ്ടാകും.

&&&&&&&&&&&&&&&&&&

## JANMASHTAMI

രാജ്യമെമ്പാടും ഇന്ന് ജന്മാഷ്ടമി ഉത്സവം ആഘോഷിക്കുന്നു. ഭഗവാൻ ശ്രീകൃഷ്ണൻറെ ജന്മദിനമായാണ് ഇത് ആഘോഷിക്കുന്നത്. ഉത്തർപ്രദേശിലെ മഥുരയും വൃന്ദാവനവും ജന്മാഷ്ടമി ആഘോഷിക്കാൻ തയ്യാറായികഴിഞ്ഞു. മഥുരയിൽ ബങ്കെ ബിഹാരി ക്ഷേത്രം, പ്രേം മന്ദിർ, ഇസ്കോൺ ക്ഷേത്രം, ശ്രീകൃഷ്ണ ജന്മഭൂമി ക്ഷേത്രം എന്നിവിടങ്ങളിൽ ഇന്ന് പ്രത്യേക പൂജകൾ നടക്കും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&